# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.212** | **27/01/2014-ൽ മറുപടിക്ക്**

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി**

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
" പി. എ. മാധവൻ
" എ. റ്റി. ജോർജ്ജ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 12/01/2012 തീയതിയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തനം ആരംഭിച്ചത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 35 കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെ 16 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ഫാർമസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ഇടനിലക്കാരെ ഒഴിവാക്കി മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് സംഭരിച്ച് വളരെ കുറഞ്ഞ വിലയിലാണ് പ്രസ്തുത ഫാർമസികൾ മുഖേന മരുന്നുകൾ വിതരണം ചെയ്തു വരുന്നത്. ജീവൻരക്ഷാ മരുന്നുകൾ പൊതു വിപണിയേക്കാൾ 93% വരെ വിലക്കുറവിൽ ഇവിടെ നിന്നും ലഭ്യമാക്കുന്നുണ്ട്. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഫാർമസികളിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | മരുന്ന് ഫാർമസിയിൽ എത്തുന്ന മുറയ്ക്ക് തന്നെ മരുന്ന് ലഭ്യമാക്കുന്നതിന് ടോക്കൺ സമ്പ്രദായം, കാലതാമസം നേരിടുന്ന പക്ഷം കാത്തിരിക്കുന്നതിനുള്ള സംവിധാനം, ഉയർന്ന വിലയുള്ള മരുന്നുകളുടെ നിലവിലെ വിലയും കാരുണ്യ വഴി ലഭിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം അറിയുന്നതിനുള്ള സംവിധാനം എന്നിവ കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകളിൽ ലഭ്യമാണ്. ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി |

| | | | |
|---|---|---|---|
| | | | ഫാർമസികളിൽ നിന്നും സ്ഥിരമായി മരുന്നുകൾ വാങ്ങുന്നവർക്കായി ഫാമിലി മെഡിസിൻ കാർഡ്, കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് എന്നീ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ 2012 നവംബർ 1 മുതൽ ആരംഭിച്ചു.<br>**<u>കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്:</u>** അംഗങ്ങൾക്ക് സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ (ഫ്രിഡ്ജിൽ സൂക്ഷിക്കുന്ന മരുന്നുകൾ ഉൾപ്പെടെ) പ്രത്യേകം പായ്ക്ക് ചെയ്ത് കൊറിയർ വഴി വീടുകളിൽ എത്തിച്ചു കൊടുക്കുന്നു. പ്രസ്തുത കാർഡ് ലഭ്യമാക്കുവാനായി 2,500 രൂപ ആദ്യം നിക്ഷേപിക്കേണ്ടതാണ്. കൊറിയർ ചാർജ്ജും അയയ്ക്കുന്ന മരുന്നുകളുടെ വിലയും പ്രസ്തുത തുകയിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും. ഇപ്രകാരം വാങ്ങുന്ന മരുന്നുകൾക്ക് 2% അധിക കിഴിവ് (1% ക്യാഷ് ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും) ലഭിക്കുന്നതാണ്.<br>**<u>കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ്:</u>** അംഗങ്ങൾക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി 2 ശതമാനം അധിക കിഴിവിൽ (1% ക്യാഷ് ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും) മരുന്നുകൾ കൗണ്ടറിലെത്തി വാങ്ങാവുന്നതാണ്. പ്രസ്തുത കാർഡ് ലഭിക്കുന്നതിനായി 50 രൂപ നൽകേണ്ടതാണ്. 5,000 രൂപയ്ക്ക് കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങുന്നവർക്ക് സൗജന്യമായി പ്രസ്തുത കാർഡ് നൽകുന്നതാണ്.<br>ഈ രണ്ടു കാർഡുകളിലെയും ബോണസ് പോയിന്റ് 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപ കുറവ് ചെയ്യുന്നതായിരിക്കും. |
| (ഡി) | എവിടെയെല്ലാമാണ് പ്രസ്തുത ഫാർമസികൾ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കമോ ; | (ഡി) | സംസ്ഥാനത്തെ താഴെപറയുന്ന ആരോഗ്യസ്ഥാപനങ്ങളിൽ നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.<br>1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>2. മെഡിക്കൽ കോളേജ്, ആലപ്പുഴ<br>3. മെഡിക്കൽ കോളേജ്, കോട്ടയം |

| | | | |
|---|---|---|---|
| | | | 4. മെഡിക്കൽ കോളേജ്, തൃശ്ശൂർ<br>5. മെഡിക്കൽ കോളേജ്, കോഴിക്കോട്<br>6. സി.എച്ച്.സി കല്ലറ, തിരുവനന്തപുരം<br>7. ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര<br>8. ജില്ലാ ആശുപത്രി, കണ്ണൂർ<br>9. താലൂക്ക് ആശുപത്രി, ഹരിപ്പാട്, ആലപ്പുഴ<br>10. ഗവ. വിക്ടോറിയ ആശുപത്രി, കൊല്ലം<br>11. ജില്ലാ ആശുപത്രി, പാലക്കാട്<br>12. ജില്ലാ ആശുപത്രി, വടകര<br>13. താലൂക്ക് ആശുപത്രി, കൊട്ടാരക്കര<br>14. ഗവ. ആശുപത്രി, സന്നിധാനം, ശബരിമല<br>15. രാമമൂർത്തി മണ്ഡപം, പമ്പ, ശബരിമല<br>16. ജനറൽ ആശുപത്രി, എറണാകുളം |
| (ഇ) | ഫാർമസിയുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ? | (ഇ) | സംസ്ഥാനത്തെ തിരഞ്ഞെടുത്ത ജില്ലാ, താലൂക്ക് ആശുപത്രികളിലായി 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സ്ഥാപിക്കുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും, തിരഞ്ഞെടുത്ത ഏതാനും സർക്കാർ ആശുപത്രികളിലുമാണ് ഈ വർഷം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ